# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 836 — 11/3/2015-ൽ മറുപടിക്ക്

## മുരിക്കുംപാടം, ഞാറയ്ക്കൽ ശുദ്ധജല സംഭരണികളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്.ശർമ്മ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണ അനുമതി ലഭ്യമായ മുരിക്കുംപാടം, ഞാറയ്ക്കൽ എന്നിവിടങ്ങളിലെ ശുദ്ധജലസംഭരണികളുടെ നിർമ്മാണം ദീർഘനാളുകളായി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12/2/2015-ൽ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ കരാറുകാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നടത്തിയ യോഗത്തിൽ 17/2/2015-ൽ ഞാറയ്ക്കൽ ടാങ്ക് സൈറ്റിലെ പണികൾ പുനരാരംഭിക്കുമെന്നും ഒരാഴ്ചയ്ക്കകം മുരിക്കുംപാടം ടാങ്ക് സൈറ്റിലെ തൊഴിൽ തർക്കങ്ങൾ പരിഹരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ പണികൾ പൂർത്തിയാക്കാമെന്നും കരാറുകാരൻ ഉറപ്പുനൽകി. ചീഫ് എഞ്ചിനീയർ നേരിട്ട് പണികളുടെ പുരോഗതി വിലയിരുത്താമെന്നും യോഗത്തിൽ തീരുമാനിച്ചു. പിന്നീട് ലോറി, ക്വാറി സമരം മൂലം പണികൾ തടസ്സപ്പെട്ടു. 07/3/2015 മുതൽ പണികൾ തുടങ്ങുന്നതാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ടാങ്കുകൾ കാലാവധി നീട്ടിക്കൊടുത്ത് 31/3/2015-നുള്ളിൽ പൂർത്തീകരിച്ചില്ലെങ്കിൽ ലിക്വിഡേറ്റഡ് ഡാമേജ് പ്രകാരമുള്ള പിഴ ഈടാക്കാൻ നിർബന്ധിതമാകുമെന്ന് പ്രസ്തുത കരാറുകാരനെ 24/2/2015-ൽ ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എഗ്രിമെന്റ് പ്രകാരം മേൽ പ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന തീയതി എന്നുവരെയെന്ന് വ്യക്തമാക്കാമോ; | (ബി) എഗ്രിമെന്റ് പ്രകാരം ഞാറയ്ക്കൽ ടാങ്ക് 25/2/2012-നും മുരിക്കുംപാടം ടാങ്ക് 19/12/2012-നും പൂർത്തിയാക്കേണ്ടതായിരുന്നു. |

| | | | |
|---|---|---|---|
| (സി) | എത്ര തവണകളിലായി എത്ര കാലാവധികൾ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | മുരിക്കുംപാടം ടാങ്ക് ആദ്യം 30/9/2013 വരെയും പിന്നീട് 1.65 ലക്ഷം രൂപ പിഴയോടുകൂടി 31/3/2015 വരെയും പൂർത്തിയാക്കേണ്ട സമയം ദീർഘിപ്പിച്ചിട്ടുണ്ട്. ഞാറയ്ക്കൽ ടാങ്ക് 31/3/2015 വരെ 2.95 ലക്ഷം രൂപ പിഴയോടുകൂടി സമയം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയെന്നും ഇതുവരെ പൂർത്തിയാക്കിയ ജോലിയെന്തെന്നും വ്യക്തമാക്കാമോ? | (ഡി) | മുരിക്കുംപാടത്ത് 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് ഇതുവരെ 3,17,50,003/- രൂപ അനുവദിക്കുകയും അത്രയും തുക ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ഞാറയ്ക്കലിൽ 17.90 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് ഇതുവരെ 387,23,402/- രൂപ അനുവദിക്കുകയും അത്രയും തുക ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തു. മുരിക്കുംപാടം ടാങ്കിന്റെ പൈലുകൾ പൂർത്തിയായി. പൈൽക്യാപ്പ് ജോലികൾ നടക്കുന്നു. ഞാറയ്ക്കൽ ടാങ്കിന്റെ കോളം ജോലികളുടെ ആദ്യത്തെ സ്റ്റേജ് ജോലികൾ തീർന്നു. രണ്ടാമത്തെ സ്റ്റേജ് ജോലികൾ നടക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/